**റൂളിംഗ്**

മി. സ്പീക്കർ: കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് നമ്മുടെ ചട്ടത്തിൽ വ്യക്തമായ വ്യവസ്ഥയുണ്ട്. എന്നാലും ഭരണഘടനയുടെ അനുച്ഛേദം 194 അനുസരിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സഭയിൽ സംസാരിക്കുവാൻ പ്രത്യേക പരിരക്ഷയുമുണ്ട്. എന്നാലും കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭയിൽ കൊണ്ടുവരരുത്, ഇവിടെ ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാക്കരുതെന്ന് ഒന്നുകൂടി ചെയർ എടുത്തുപറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നില്ല.